"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജീവനക്കാര്യം - നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറിയായ ശ്രീമതി. ശ്രീജ കെ.എസ് (PEN: 132540) അന്യത്രസേവന കാലാവധി പൂർത്തിയാക്കിയതിനെ തുടർന്ന് പുതിയ നിയമനത്തിനായി നിർബന്ധിതമായി കാത്തുനിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ്**

സ.ഉ.(സാധാ) നം.4071/2026/GAD തീയതി,തിരുവനന്തപുരം, 11-08-2026

---

പരാമർശം:-

1. 27.06.2025-ലെ സ.ഉ.(സാധാ) നം. 2826/2025/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.
2. 04.07.2026-ലെ സ.ഉ.(സാധാ) നം. 3369/2026/പൊ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ്.
3. ശ്രീമതി. ശ്രീജ കെ.എസ്, സ്പെഷ്യൽ സെക്രട്ടറി (മുൻ അഡീഷണൽ നിയമ സെക്രട്ടറി) സമർപ്പിച്ച 06.07.2026-ലെ അപേക്ഷ.
4. ധനകാര്യ (Exp -A ) വകുപ്പിന്റെ 25.07.2026-ലെ EXP-A2/415/2026-FIN (E.3572220) നമ്പർ അഭിപ്രായക്കുറിപ്പ്.

**<u>ഉത്തരവ്</u>**

പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം, നിയമ വകുപ്പിലെ അഡീഷണൽ നിയമ സെക്രട്ടറിയായ ശ്രീമതി. ശ്രീജ കെ.എസ് (PEN: 132540)-നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ കാര്യാലയത്തിൽ സെക്രട്ടറി തസ്തികയിൽ ഒരു വർഷത്തേക്ക് അന്യത്രസേവന (Deputation) വ്യവസ്ഥയിൽ നിയമിച്ചിരുന്നു. പ്രസ്തുത അന്യത്രസേവന കാലാവധി 27.06.2026 തീയതി അപരാഹ്നത്തിൽ പൂർത്തിയായി. തുടർന്ന് 28.06.2026 ഞായറാഴ്ച (അവധി ദിവസം) ആയതിനാൽ, ടിയാൾ 29.06.2026 തീയതി പൂർവ്വാഹ്നത്തിൽ മാതൃവകുപ്പായ നിയമ വകുപ്പിൽ തിരികെ റിപ്പോർട്ട് ചെയ്തു.

2. പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ശ്രീമതി. ശ്രീജ കെ.എസ്-ന് സ്പെഷ്യൽ സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകുകയും, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിൽ സെക്രട്ടറി തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയും ചെയ്തു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടിയാൾ 06.07.2026 തീയതി പൂർവ്വാഹ്നത്തിൽ പുതിയ തസ്തികയിൽ ചുമതലയേറ്റു.തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ കാര്യാലയത്തിൽ നിന്നും വിടുതൽ ചെയ്യപ്പെട്ട തീയതി മുതൽ പുതിയ തസ്തികയായ മനുഷ്യാവകാശ കമ്മീഷൻ സെക്രട്ടറി തസ്തികയിൽ പ്രവേശിക്കുന്നതു വരെയുള്ള നിർബന്ധിത കാത്തിരിപ്പ് കാലയളവായ 28.06.2026 മുതൽ 05.07.2026 വരെയുള്ള 8 ദിവസത്തെ സർവീസ് കാലയളവ് ക്രമീകരിച്ചു നൽകണമെന്ന് ടിയാൾ പരാമർശം (3) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

3. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (4) പ്രകാരം , ശ്രീമതി. ശ്രീജ കെ.എസ്, നിയമന ഉത്തരവിനായി കാത്തിരുന്ന 29.06.2026 മുതൽ 05.07.2026 വരെയുള്ള കാലയളവ് കേരള സർവീസ് ചട്ടങ്ങൾ (KSR) ഭാഗം I, ചട്ടം 12(7)-ന് ചുവടെയുള്ള കുറിപ്പ് 4 (Note 4 under Rule 12(7), Part I, KSR) പ്രകാരം അഡീഷണൽ നിയമ സെക്രട്ടറിയുടെ തസ്തികയിൽ 'ഡ്യൂട്ടി' (Duty) ആയി ക്രമീകരിച്ചും , അന്യത്രസേവന കാലാവധി പൂർത്തിയായ ശേഷമുള്ള അവധി ദിവസമായ 28.06.2026-ലെ സേവന കാലയളവ് അന്യത്രസേവന ചട്ടങ്ങൾക്ക് വിധേയമായി Joining Time Pay ആയി കണക്കാക്കി ആ ദിവസത്തെ ശമ്പളം മുൻ അന്യത്രസേവന ദാതാവായ (Foreign Employer) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ കാര്യാലയത്തിൽ നിന്നും അനുവദിച്ചും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
N PRASEENA
ജോയിന്റ് സെക്രട്ടറി

ശ്രീമതി. ശ്രീജ കെ.എസ്, സ്പെഷ്യൽ സെക്രട്ടറി (സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം മുഖേന)
സെക്രട്ടറി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ഓംബുഡ്സ്മാന്റെ കാര്യാലയം, തിരുവനന്തപുരം [307, 310].
രജിസ്ട്രാർ, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം.
സെക്രട്ടറി, നിയമ വകുപ്പ്, നിയമ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ ആൻഡ് ഇ), കേരള, തിരുവനന്തപുരം.
ധനകാര്യ (Exp A ) വകുപ്പ് (EXP-A2/415/2026-FIN ഫയൽ പരാമർശിച്ചുകൊണ്ട്).
പൊതുഭരണ (കമ്പ്യൂട്ടർ സെൽ) വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ



Generated from eOffice by HASHIR B, COMP-ASST(SPL E)GAD, COMP-ASST(SPL E )GAD, General Administration Department. on 18/08/2